## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി II

## ഭൂനികുതിയും ദേവസ്വവും

### 2013-14 സാമ്പത്തികവർഷത്തെധനാഭ്യർത്ഥനകളുടെപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത് ]

2014 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.

## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി II

## ഭൂനികുതിയും ദേവസ്വവും

**2013-14 സാമ്പത്തികവർഷത്തെധനാഭ്യർത്ഥനകളുടെപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത് ]

958/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# (ഭൂനികുതിയും ദേവസ്വവും)
# (2013-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u>:

ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. പി. ബി. അബ്ദുൾ റസാക്
,, ബാബു എം. പാലിശ്ശേരി
,, സി. കെ. നാണു
,, എ. പ്രദീപ്കുമാർ
,, പാലോട് രവി
,, സി. കെ. സദാശിവൻ
,, വി. പി. സജീന്ദ്രൻ
,, എൻ. ഷംസുദ്ദീൻ
,, വി. എസ്. സുനിൽ കുമാർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, സി. ജോസ്, ജോയിന്റ് സെക്രട്ടറി
ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയസമിതി II-ന്റെ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 2014 ജൂലൈ 7-ാം തീയതിയിൽ ചേർന്ന സമിതിയോഗത്തിൽ പരിഗണിച്ചു.

2014 ജൂലൈ 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്,

തിരുവനന്തപുരം, *ചെയർമാൻ,*

2014 ജൂലൈ 7. *വിഷയനിർണ്ണയ സമിതി II.*

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 മേയ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 34 ശുപാർശകളാണുള്ളത്. റിപ്പോർട്ടിലെ ശുപാർശകൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമായ അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ 7-7-2014-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശുപാർശകളും ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു.

<u>ശുപാർശ</u>

2029-00-800-79—റവന്യൂവകുപ്പിലെ ആസ്തികളുടെ പരിപാലനം—ആസ്തികളുടെ പരിപാലന നിധിയിൽ നിന്നുള്ള ചെലവഴിക്കൽ

റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ നവീകരണത്തിനും കുടിവെള്ള വിതരണത്തിനുമായി 4,19,11,583 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 4.2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2013-2014 സാമ്പത്തിക വർഷത്തിൽ 2029-00-800-79 എന്ന ശീർഷകത്തിൽ പ്രൊവിഷനായി ഉണ്ടായിരുന്നത് 1,000 രൂപ മാത്രമായിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ 4.2 കോടി രൂപ വകയിരുത്തണമെന്നുള്ളതായിരുന്നു. 2013-2014 സാമ്പത്തിക വർഷത്തിലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 4,37,93,000 രൂപ വിവിധ ഭരണാനുമതികളനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ ആവശ്യപ്പെടുകയും ഉപധനാഭ്യർത്ഥന യിലൂടെ ലഭിച്ച 2,87,93,000 രൂപയും ബഡ്ജറ്റ് പ്രൊവിഷനായുണ്ടായിരുന്ന 1,000 രൂപയും സഹിതം ലഭ്യമായിരുന്ന 2,87,94,000 രൂപ കൂടാതെ 9,76,000 രൂപ റീ-അപ്രോപ്രിയേഷനിലൂടെ ലഭിച്ചതനുസരിച്ച് ആകെ 2,97,70,000 രൂപ ചെലവാക്കുവാൻ സാധിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2029-00-800-96 —<u>ഭൂരഹിതരില്ലാത്ത കേരളം</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യപടിയായി ഒരു ലക്ഷം പേർക്ക് മൂന്ന് സെൻറ് വീതം ഭൂമി ഈ വർഷം ആഗസ്റ്റ് 15 നകം നൽകുന്നതിനായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യപടിയായി ഒരു ലക്ഷം പേർക്ക് പട്ടയം നല്കുവാനുള്ള നടപടികളാണ് സ്വീകരിച്ചത്. 2013-2014 സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരുന്നു. ഒന്നാം ഘട്ടമായി വിതരണം ചെയ്യുവാൻ തിരഞ്ഞെടുത്തിരുന്ന ഒട്ടേറെ സർക്കാർ ഭൂമികളുമായി ബന്ധപ്പെട്ട് കോടതി കേസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകളും ഉണ്ടായതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 3 കോടി രൂപയിൽ 1,66,95,997 രൂപ ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല.

<u>ശുപാർശ</u>

2029-00-102-95-21(1)

2029-00-102-99-21(1)—<u>മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ</u>

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണ്. ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കുന്നതിനാൽ വാഹനങ്ങൾക്ക് റിപ്പയർ ചെലവ് കൂടുതലാണ്. ആയതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായിഈ ശീർഷകങ്ങളിൽ 1,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2013-2014 സാമ്പത്തിക വർഷത്തിലും തുടർന്നുള്ള സാമ്പത്തിക വർഷത്തിലും ബഡ്ജറ്റ് പ്രൊപ്പോസൽ പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങിക്കുന്നതിലേക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2029-00-102-95-21 (1), 2029-00-102-99-21(1) പർച്ചേസ് ഓഫ് വെഹിക്കിൾസ് എന്നീ ശീർഷകങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

സർവ്വേയർമാരുടെ തസ്തികയിൽ ഒഴിവുണ്ടായിരുന്ന സാഹചര്യത്തിലാണ് ആവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിലേക്കായി ടി ശുപാർശ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ 101 രണ്ടാംതരം സർവ്വേയർമാർക്ക് നിയമന ഉത്തരവ് നൽകുകയും അതിൽ 84 പേർക്ക് നിയമനം നൽകുകയും എൻ.ജെ.ഡി. ആയ ഒഴിവുകളിൽ സർവ്വേയർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 31-10-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 409/2012 റവന്യൂ പ്രകാരം സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയിരുന്നു. മാത്രമല്ല റീസർവ്വേ പ്രവർത്തനം Outsource ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

<u>ശുപാർശ</u>

2053-00-093-99-34—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും—മറ്റു ചെലവുകൾ</u>

തിരുവനന്തപുരം ഗോൾഫ് കോഴ്സിലെ ജീവനക്കാരുടെ ശമ്പളം കോടതിവിധി പ്രകാരം ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടി വരുന്നതിനാൽ ഈ ആവശ്യത്തിലേക്കായി 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ഗോൾഫ് കോഴ്സ് ജീവനക്കാരുടെ ശമ്പളം ബഹു. സുപ്രീം കോടതി വിധി പ്രകാരം നിലവിൽ സർക്കാർ വഹിക്കേണ്ടി വരുന്നതിനാൽ 2053-00-093-99-34 OC ശീർഷകത്തിൽ 2013-2014 വർഷത്തിൽ അനുവദിക്കപ്പെട്ടിരുന്ന 30 ലക്ഷം രൂപ കൂടാതെ 35 ലക്ഷം രൂപ കൂടി റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുകയുണ്ടായി.

ശുപാർശ

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

സംസ്ഥാനത്ത് പുതിയതായി പ്രഖ്യാപിച്ചിരിക്കുന്ന 12 താലൂക്കുകൾക്കായി 12 കോടി രൂപയും 30 വില്ലേജ് ഓഫീസുകൾക്കായി 15 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 334 ലക്ഷം രൂപയും വാഹനം വാങ്ങുന്നതിനായി 132 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പുതിയ താലൂക്ക് ഓഫീസുകൾക്കും വില്ലേജ് ഓഫീസുകൾക്കും കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ

തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള നാല് താലൂക്കുകൾ കൂടാതെ രണ്ട് താലൂക്കുകൾ കൂടി ഉൾപ്പെടുത്താൻ തീരുമാനമായെങ്കിലും ഒരു റവന്യൂ ഡിവിഷൻ മാത്രമേ ഉള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒരു റവന്യൂ ഡിവിഷൻ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പുതിയതായി 12 താലൂക്കുകളും 30 വില്ലേജുകളും രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇപ്പോൾ പുതിയ റവന്യൂ ഡിവിഷനുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

ശുപാർശ

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് പ്രതിമാസവേതനം വർദ്ധിപ്പിച്ച് നൽകുന്നതിലേക്കായി 6,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിയുടെ പ്രതിഫലം 500 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്ന ശുപാർശ ധനകാര്യ വകുപ്പിന്റെ പ്രതികൂല നിലപാട് കാരണം പരിഗണിച്ചില്ല.

ശുപാർശ

റവന്യൂ വകുപ്പിൽ തഹസിൽദാർമാർ ഉപയോഗിക്കുന്ന വാഹനങ്ങൾ മിക്കവയും വളരെ കാലപ്പഴക്കമുള്ളതും റിപ്പയർ ചെയ്ത് ഉപയോഗിക്കുവാൻ കഴിയാത്തവയുമാണ്. ഇക്കാരണത്താൽ തഹസിൽദാർമാർക്ക് ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി 25 വാഹനങ്ങൾ വാങ്ങുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2013-2014 വർഷത്തെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഇതിനായുള്ള ശുപാർശ നൽകിയിട്ടുണ്ട്.

ശുപാർശ

വാഹന സൗകര്യം ഇല്ലാത്തതിനാൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. വില്ലേജ് ഓഫീസുകളിലെ പ്രവർത്തനം സുഗമമാക്കുന്നതിനായി സ്വന്തമായി വാഹനമില്ലാത്ത എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്ത്രീ ജീവനക്കാർക്കുകൂടി

ഉപയോഗിക്കത്തക്കവിധത്തിലുള്ള ഇരുചക്രവാഹനം അനുവദിക്കണമെന്നും സ്വന്തമായി വാഹനമുള്ള വില്ലേജ് ഓഫീസർമാർക്ക് ഇന്ധന ചെലവിനായുള്ള ആനുകൂല്യം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ ആവശ്യത്തിലേക്ക് 10 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2013-14 വർഷത്തെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഇതിനായുള്ള ശുപാർശ നൽകിയിട്ടുണ്ട്.

ശുപാർശ

3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമ പ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ്

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതുവരെ ലാൻറ് ബോർഡ് ഉത്തരവ് പ്രകാരം പൊതുകാര്യത്തിനായി റിസർവ്വ് ചെയ്യപ്പെടുന്ന പ്രസ്തുത ഭൂമി സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള ചെലവ്, സർവ്വേ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

3475-00-201-89-—1963-ലെ ഭൂപരിഷ്കരണ നിയമ പ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ നിയന്ത്രണ ചെലവ് -(നോൺ പ്ലാൻ)- ശീർഷകത്തിൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക 20,00,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് എസ്.ഡി.ജി. പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല. തുടർന്ന് 13-1-2014-ലെ ജി.ഒ. (ആർറ്റി.)നമ്പർ 111/14/ഫിൻ. പ്രകാരം 3,13,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിരുന്നു. ഈ തുക കണ്ണൂർ ജില്ലയിലെ സർവ്വേ & ഡീമാർക്കേഷൻ

ജോലികൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

ശുപാർശ

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്—മറ്റ് ചെലവുകൾ

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സഹിക്കേണ്ടിവരുന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. സാമ്പത്തികമായി അവശത അനുഭവിക്കുന്ന മുൻ ജന്മിമാർക്ക് ഈ ശീർഷകത്തിൽ നിന്നും പ്രതിമാസം 1,500 രൂപ പെൻഷനായി നൽകിവരുന്നു.

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

3475-00-201-93 കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് മറ്റ് ചെലവുകൾ (നോൺ പ്ലാൻ) ശീർഷകത്തിൽ 2013-14 സാമ്പത്തികവർഷം 18,00,000 രൂപ ആണ് വകയിരുത്തിയിരുന്നത്. . 12-12-2013-ലെ ജി.ഒ.(ആർറ്റി.) 9403/13/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ (ഖണ്ഡിക 15) 31,51,000 രൂപ അധികമായി അനുവദിക്കുകയും ഈ തുക പെൻഷൻ സ്വീകരിച്ച് വരുന്ന ജന്മിമാർക്ക് അടിയന്തിരമായി വിതരണം ചെയ്യുന്നതിനായി ജില്ലാ കളക്ടർമാർക്ക് അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ്

സർക്കാരിന്റെ 21-1-2009-ലെ ജി.ഒ.(എംഎസ്.) 106/09-ാം നമ്പർ ഉത്തരവ് പ്രകാരം ലാൻറ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന അതേ നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നതിന് ഉത്തരവായിട്ടുണ്ട് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായിനാൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ് (നോൺ പ്ലാൻ) ശീർഷകത്തിൽ 2013-2014 സാമ്പത്തിക വർഷം 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന അതേ നിരക്കിൽ ടി.എ./ഡി.എ. നൽകുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ അടിയന്തിരമായ ആവശ്യം കണക്കാക്കി 1,00,000 രൂപ ടി ശീർഷകത്തിൽ വകയിരുത്തുന്നതിന് അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചില്ല. തുടർന്ന് ടി ശീർഷകത്തിൽ ഏറ്റവും അത്യാവശ്യ മായിട്ടുള്ള കുറഞ്ഞ തുകയായ 50,000 രൂപ Reappropriation proposal സമർപ്പിക്കുകയും 13-1-2014-ലെ ജി.ഒ. (ആർറ്റി.)നമ്പർ 302/14 പ്രകാരം 50,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭിച്ചു. ഈ തുക ഉപയോഗിച്ച് ലാൻറ് റിഫോംസ് റിവ്യൂ ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്ക് കുടിശ്ശികയുള്ള ടി.എ./ഡി.എ. മുഴുവൻ നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

5475-00-800-90—<u>സർക്കാർ ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കൽ</u>

സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി ഏറ്റെടുക്കുന്ന എല്ലാ ലാന്റ് അക്വിസിഷനുകളുടെയും ചെലവ് ഈ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് നൽകേണ്ടത്. തിരുവനന്തപുരം സിറ്റിയിലെ 3 റോഡുകളുടെ വികസനം, കരമന-കളിയിക്കാവിള റോഡ് വികസനം എന്നിവയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തിക വർഷം വൻതുക ആവശ്യമുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1000 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷം മുതലാണ് സർക്കാർ ആവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള ബജറ്റ് ഹെഡ്ഡിൽ തുക വകയിരുത്താൻ

തുടങ്ങിയത്. 2012-13 വർഷത്തിൽ 300 കോടിയും 2013-14 വർഷത്തിൽ 400 കോടിയുമാണ് ഈ ആവശ്യത്തിന് വകയിരുത്തിയത്.

2013-14 വർഷത്തിൽ 1,000 കോടി രൂപകൂടി ഈ ആവശ്യത്തിന് വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. ഇതനുസരിച്ച് എൽ.എ.ആർ. കേസുകളുടെ വിധി സംഖ്യ ഒടുക്കു വരുത്തുന്നതിനായി ടി ശീർഷകത്തിന്റെ ചാർജ്ഡ് അപ്രോപ്രിയേഷനിൽ 100 കോടി രൂപ വകയിരുത്തി.

കരമന-കളിയിക്കാവിള റോഡ് വികസനത്തിനുള്ള സ്ഥലമേറ്റെടുക്കലിന് 275 കോടി രൂപ ടി ശീർഷകത്തിൽ നിന്ന് അനുവദിക്കുകയുണ്ടായി. 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് 1st എസ്.ഡി.ജി.-യിൽ ധനവകുപ്പിനോട് അഭ്യർത്ഥിച്ചെങ്കിലും ആയത് അനുവദിച്ച് കിട്ടിയില്ല. ബജറ്റിൽ വകയിരുത്തിയ 400 കോടി രൂപ മുഴുവൻ ചെലവഴിച്ചതിനുശേഷം വിവിധ കളക്ടർമാർ സ്ഥലമേറ്റെടുക്കലിന് തുക ആവശ്യപ്പെട്ടതനുസരിച്ച് 50 കോടി രൂപ കൂടി ടി ശീർഷകത്തിൽ അധികമായി വകയിരുത്തുവാൻ ഫൈനൽ എസ്.ഡി.ജി.-യിൽ അഭ്യർത്ഥിച്ചുവെങ്കിലും ആയതും അനുവദിച്ച് കിട്ടിയില്ല. എറണാകുളം ജില്ലയിലെ കങ്ങരപ്പടി ജംഗ്ഷൻ റോഡ് വികസനത്തിന് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട പുനരധിവാസത്തിനായി 40 ലക്ഷം രൂപ ടി ശീർഷകത്തിൽ ധനവകുപ്പ് പിന്നീട് അനുവദിച്ച് നൽകുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം മുതൽ ടി ആവശ്യത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള ബജറ്റ് ഹെഡിൽ തുക വകയിരുത്തുന്നില്ല.

## ശുപാർശ

2250-00-800-99—ക്ഷേത്രങ്ങളോടുചേർന്നുള്ളകാവുകളുടെയുംകുളങ്ങളുടെയുംആൽത്തറകളുടെയും സംരക്ഷണം

കേരളത്തിൽ മിക്ക ക്ഷേത്രങ്ങളോടനുബന്ധിച്ചും കാവുകളും കുളങ്ങളും ആൽത്തറകളുമുണ്ട്. ജൈവശാസ്ത്രപരമായ ആവാസ വ്യവസ്ഥ നിലനിറുത്തുന്നതിനും വരൾച്ച പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലും ഇവ സംരക്ഷിക്കപ്പെടേണ്ടതാണ്. ആയതിനാൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

## സ്വീകരിച്ച നടപടി

ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് 10 കോടി രൂപ അടുത്ത സാമ്പത്തികവർഷം അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

958/2014.

ശുപാർശ

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

വൈക്കം ക്ഷേത്ര കലാപീഠത്തിനായി ഫണ്ട് അനുവദിക്കുന്നതിലേക്കായുള്ള ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിരിക്കുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ വൈക്കം ക്ഷേത്ര കലാപീഠത്തിനായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വൈക്കം ക്ഷേത്ര കലാപീഠത്തിന് 4-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5884/2013/ആർഡി പ്രകാരം 5 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച് നൽകിയിരുന്നു.

ശുപാർശ

2250-00-103-87-31—സഹായധനം—ശമ്പളം

2250-00-103-87-36—സഹായധനം—ശമ്പളേതരം

**ബോർഡ് ഓഫീസുകൾക്കുള്ള കെട്ടിട നിർമ്മാണം**

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷണൽ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിന് 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സർക്കാർ നിർദ്ദേശപ്രകാരം മലബാർ ദേവസ്വം ബോർഡിന് ആസ്ഥാന ഓഫീസ് കെട്ടിടം പണിയുന്നതിനായി കോഴിക്കോട് നഗര ഹൃദയത്തിൽ തന്നെയുള്ള മലബാർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന ശ്രീ. അഴകൊടി

ദേവീക്ഷേത്രത്തിൽ നിലവിലുള്ള കല്യാണമണ്ഡപത്തിൽ രണ്ട് നിലകൾ കൂടി നിർമ്മിച്ച് ബോർഡിന്റെ ആസ്ഥാന ഓഫീസായി ഉപയോഗിക്കുന്നതിന് ദേവസ്വം ഭരണാധികാരികളുമായി ആലോചിച്ച് തീരുമാനം എടുത്തിരുന്നെങ്കിലും ബോർഡ് ഓഫീസ് വരുന്നതിനെതിരെ ചില സ്വകാര്യ വ്യക്തികൾ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ബോർഡിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ഓഫീസുകളും കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസും നിലവിൽ സിവിൽ സ്റ്റേഷനുകളിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

കാസർഗോഡ് ഡിവിഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ഹോസ്ദുർഗ് ശ്രീ. മാരിയമ്മ ക്ഷേത്രത്തിന്റെ കൈവശത്തിലുള്ള 18 സെന്റ് സ്ഥലം 5,000 രൂപ പ്രതിവർഷ വാടകയിൽ 99 വർഷത്തേക്ക് ലീസ് വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്ത് 332.04 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിൽ മൂന്നുനില കെട്ടിടം 1,21,30,000 രൂപ മുതൽ മുടക്കി നിർമ്മിക്കുന്നതിന് 9-5-2014-ലെ സ.ഉ.(സാധാ.)നമ്പർ 1841/2014/ആർ.ഡി നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്

തലശ്ശേരി ഡിവിഷൻ ഓഫീസിനുള്ള മൂന്നുനില കെട്ടിടം തലശ്ശേരി ശ്രീ. തിരുവങ്ങാട് ശ്രീരാമസ്വാമിക്ഷേത്ര കോംപൗണ്ടിൽ നിർമ്മിക്കുന്നതിനുള്ള പ്ലാനിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

<u>ശുപാർശ</u>

**ജീർണ്ണോദ്ധാരണ ഗ്രാന്റ്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും അടിയന്തര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായ എല്ലാ പൊതുക്ഷേത്രങ്ങൾക്കും ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും വീതം അനുവദിച്ച നൽകാൻ കഴിയുന്ന തരത്തിൽ ആകെ ഈയിനത്തിൽ 16 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ

ധനസഹായം അനുവദിക്കുന്നതിന് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും കഴിയുന്നത്ര തുക വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശുപാർശ

**സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ക്ഷേത്രങ്ങൾക്കുള്ള പ്രത്യേക ധനസഹായം**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഈയിനത്തിൽ ആകെ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള സ്വകാര്യ ക്ഷേത്രങ്ങൾക്കും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായ സ്വകാര്യ ക്ഷേത്രങ്ങൾക്കുമുള്ള ജീർണ്ണോദ്ധാരണ ധനസഹായം ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശുപാർശ

**ക്ഷേത്ര ജീവനക്കാരുടെ ശമ്പളം**

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളതും സർക്കാർ അംഗീകരിച്ച നിരക്കിൽ ശമ്പളം നൽകാൻ സാമ്പത്തികശേഷിയില്ലാത്തതുമായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ശമ്പള കുടിശ്ശിക നൽകുന്നതിനും ആവശ്യമായ 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന് 2013-14 സാമ്പത്തിക വർഷത്തിൽ ബോർഡിനു

കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം നൽകുന്നതിനും മറ്റു ചെലവുകൾക്കും ആകെ 25.49 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ സർക്കാർ നൽകിയ ധനസഹായം മുഴുവനായി ചെലവഴിക്കാതെ ബോർഡിന്റെ കൈവശം ഏകദേശം 40 കോടി രൂപ ഉണ്ടായിരുന്നതിനാൽ 17,16,80,000 രൂപ മാത്രമേ 2013-14 വർഷത്തിൽ അനുവദിച്ചുള്ളൂ.

<u>ശുപാർശ</u>

2250-00-102-99-01 — <u>ശമ്പളം</u>

നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ അനുവദിക്കപ്പെട്ടിരുന്നതും പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ടതുമായ നിലവിലുള്ള ജീവനക്കാർക്ക് സർക്കാർ ജീവനക്കാർ എന്ന നിലയിലുള്ള എല്ലാ പരിരക്ഷയും നൽകേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിൽ നിന്നും പുതുതായി രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിൽ തുടരാനനുവദിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതിനു തുല്യമായ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഗൃഹനിർമ്മാണത്തിനുള്ള വായ്പ എന്നിവ അനുവദിച്ചുവരുന്നുണ്ട്. ഇതിനുള്ള ചെലവ് സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും പൂർണ്ണമായും വഹിച്ചുകൊണ്ടിരിക്കയാണ്.

<u>ശുപാർശ</u>

**കോടതി സംബന്ധമായ ചെലവുകൾ**

മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഒരു സ്റ്റാൻഡിംഗ് കൗൺസിലിനെയും ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാൻഡിംഗ് കൗൺസിലർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ മറ്റ് സബ്കോടതികളിൽ സ്റ്റാൻഡിംഗ് കൗൺസിലർമാരെ നിയോഗിക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേക്കുള്ള ചെലവിനത്തിൽ 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി

ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഡിവിഷൻ തിരിച്ച് മൂന്ന് സ്റ്റാൻഡിംഗ് കൗൺസിലർമാരെയും, ഒറ്റപ്പാലം, പാലക്കാട് എന്നീ സബ്/മുൻസിഫ്/ജില്ലാ കോടതികളിലായി ഓരോ സ്റ്റാൻഡിംഗ് കൗൺസിലർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീ. അഴകൊടി ദേവീക്ഷേത്രം, ബത്തേരി മഹാഗണപതി ക്ഷേത്രം, ടി.ടി.കെ. ദേവസ്വം, തൃത്തല്ലൂർ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കീഴ്കോടതികളിൽ മലബാർ ദേവസ്വം ബോർഡിനുവേണ്ടി അഡ്വക്കേറ്റുമാർ പ്രത്യേകം ഹാജരാകുന്നുണ്ട്. അതുപോലെ മറ്റു പല കേസുകളിലും ഹാജരാകുന്നതിനും സുപ്രീം കോടതിയിൽ ഹാജരാകുന്നതിനും ഓരോ കൗൺസിലർമാരെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ചെലവ് മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും നൽകുന്നുണ്ട്.

<u>ശുപാർശ</u>

**ലാന്റ് കൺസർവൻസി യൂണിറ്റ്**

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിന് ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുവേണ്ടി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനു മാത്രമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന ലാന്റ് കൺസർവൻസി യൂണിറ്റിന്റെ ചെലവ് അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്ന

ുവരെയോ അല്ലെങ്കിൽ അഞ്ച് വർഷത്തേക്കോ ഏതാണോ ആദ്യം അത്രയും കാലത്തേക്ക് ബോർഡ് വഹിക്കുന്നതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്

<u>ശുപാർശ</u>

**പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകളിലും ഔദ്യോഗിക ആവശ്യത്തിനായി ഓരോ വാഹനം വാങ്ങുന്നതിന് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 5 ഡിവിഷനുകളിലായി കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം പരിശോധിച്ചുവരികയാണ്.

<u>ശുപാർശ</u>

**ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടറൈസേഷൻ**

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുത ചാർജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 3.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ ബോർഡിലെ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുതി ചാർജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലഫോൺ, പ്രിന്റിംഗ് സ്റ്റേഷനറി, കമ്പ്യൂട്ടറൈസേഷൻ എന്നിങ്ങനെയുള്ള ചെലവുകൾ സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും മലബാർ ദേവസ്വം ബോർഡ് വഹിച്ചുവരുന്നു.

<u>ശുപാർശ</u>

**ക്ഷേത്രഭൂമി സംരക്ഷണം**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ 24000-ൽ പരം ഏക്കർ

ഭൂമി അന്യാധീനപ്പെട്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ക്ഷേത്രഭൂമി അന്യാധീനപ്പെടാതെ സംരക്ഷിച്ചു നിർത്തുന്നതിനാവശ്യമായ നടപടികൾക്കായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ഇതിനാവശ്യമായിവരുന്ന തുക സ്വന്തം ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

<u>ശുപാർശ</u>

2250-00-103-86-34—<u>ആചാര്യസ്ഥാനീകർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ് മറ്റ് ചെലവുകൾ</u>

ആചാരസ്ഥാനീകർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ആചാരസ്ഥാനീകർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റ് ഇനത്തിൽ ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

<u>ശുപാർശ</u>

**ബോർഡ് മെമ്പർമാരുടെ ടി.എ.**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1350 ഓളം ക്ഷേത്രങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിനും മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും ധാരാളം യാത്രകൾ നടത്തേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പ്രസിഡന്റ്, മറ്റ് അംഗങ്ങൾ എന്നിവർക്കും നിയമാനുസൃതമായ റ്റി.എ., ഡി.എ. എന്നിവ കൈപ്പറ്റുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

ശുപാർശ

**ക്ഷേത്രങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക, ജലാശയങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെടുന്ന ക്ഷേത്രകുളങ്ങളും ആൽത്തറകളും കാവും സംരക്ഷിക്കുന്നതിനായി 3.50 കോടി രൂപ 2250-00-800-99 എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശുപാർശ

**ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട്**

അന്യം നിന്നുപോകുന്ന ക്ഷേത്രാചാരങ്ങളും ക്ഷേത്ര കലകളും പരിപോഷിപ്പിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനുകീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു ക്ഷേത്രകലാ അക്കാഡമി സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും എന്നാൽ സർക്കാർ തലത്തിൽ ഇതിനെ സംബന്ധിച്ച് കൂടുതൽ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിനുമുൻപുതന്നെ മലബാർ

ദേവസ്വം ബോർഡ് ടി അക്കാഡമി കണ്ണൂർ ജില്ലയിലെ മാടായിക്കാവ് പരിസരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 5 ലക്ഷം രൂപയ്ക്ക് ഫർണിച്ചർ വാങ്ങുകയും ചെയ്തു. ഈ തുക ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അക്കാഡമിയുടെ നടത്തിപ്പിനായി ഒരു പ്രസിഡന്റിനേയും ബോർഡ് അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

3435-04-103-98—<u>ശബരിമലയിലെ ഖരമാലിന്യ സംസ്കരണം</u>

ശബരിമലയെ മാലിന്യമുക്തമാക്കുന്നതിനായി 'മാലിന്യമുക്ത ശബരിമല' എന്ന പദ്ധതി നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു ശബരിമല സീറോ വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിനും മറ്റുമായി ഈ പദ്ധതിയുടെ കീഴിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

ശബരിമലയിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ജി.ഒ.(എംഎസ്.) 6/2012/പരിസ്ഥിതി തീയതി 31-3-2012 പ്രകാരം 5 കോടി രൂപ അനുവദിച്ചിട്ടുള്ളതും ആയത് നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്തതുമാകുന്നു. കൂടാതെ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് പരിസ്ഥിതി വകുപ്പാണ്.

<u>ശുപാർശ</u>

2215-02-105-95-36—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ ശബരിമല ശുചീകരണ പദ്ധതികൾക്കുള്ള സഹായം—സഹായധനം—ശമ്പളേതരം</u>

പ്രതിവർഷം കോടിക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയിൽ ദൈനംദിനം അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ ട്രാക്റ്ററുകളും ശുചീകരണത്തിനാവശ്യമായ സാധനങ്ങളും ലഭ്യമാക്കുന്നതിനും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 1.2 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ കുടിശ്ശിക ആയിട്ടുള്ള 40 ലക്ഷം രൂപയും കൂടി ചേർത്ത് ഈ ശീർഷകത്തിൽ 1.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

ശബരിമല ശുചീകരണത്തിനായി 60 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. ഈ പദ്ധതിക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും വർഷങ്ങളായി ഗ്രാന്റ് അനുവദിക്കാത്ത പശ്ചാത്തലത്തിൽ നാളിതുവരെയുള്ള കുടിശ്ശിക തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഈടാക്കിയതിനുശേഷം മാത്രം ബാക്കി തുക അനുവദിച്ചാൽ മതിയെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് 40 ലക്ഷം രൂപ ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

ശുപാർശ

2551-60-101-98—ശബരിമല മാസ്റ്റർ പ്ലാൻ (പ്ലാൻ)

ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് ശബരിമല മാസ്റ്റർ പ്ലാൻ. പ്രതിവർഷം ശബരിമല സന്നിധാനത്ത് എത്തുന്ന 3 കോടിയിൽപ്പരം അയ്യപ്പഭക്തർക്ക് കാലവിളംബം കൂടാതെ ദർശനം നടത്തുന്നതിനും അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതിയിൽ സ്വാമി അയ്യപ്പൻ റോഡിന്റെ വികസനം, പുതിയ പ്രസാദം കോംപ്ലക്സ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നടപ്പന്തലിന്റെ മുകൾ നില, റോപ് വേ, പുതിയ ക്യൂ കോംപ്ലക്സുകൾ, റസ്റ്റിംഗ് പന്തലുകൾ, നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിന്റെ വികസനം തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ നടത്തിപ്പിനായി 25 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പിലാക്കുന്നതിനായി 25 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്ന ഹൈപവർ കമ്മിറ്റിക്ക് സർക്കാർ ഇതുവരെ 52.5 കോടി രൂപ നൽകിയിട്ടുണ്ട്. (2011-12 വർഷം 15 കോടി, 2012-13 വർഷം 25 കോടി, 2013-14 വർഷം 12.5 കോടി രൂപ) എന്നാൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വളരെ കുറച്ചുതുക മാത്രമേ ഹൈപവർ കമ്മിറ്റി നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ. ഈ പശ്ചാത്തലത്തിൽ തുക പൂർണ്ണമായി ചെലവഴിച്ചതിനുശേഷം മാത്രം ബാക്കി തുക അനുവദിച്ചാൽ മതിയാകുമെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

മറുപടി ലഭിക്കാത്ത ശുപാർശ

2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ ഖണ്ഡിക 3-ലെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് റവന്യൂ വകുപ്പിൽ നിന്നും

ലഭ്യമാക്കിയിട്ടില്ല.

തിരുവനന്തപുരം,
2014 ജൂലൈ 7.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി II.*